റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. രണ്ടു മന്ത്രിമാരുടെ മുമ്പിലും കഴിഞ്ഞ ആറു വർഷങ്ങളായി ഈ നിയമസഭയുടെ എല്ലാ സമ്മേളനങ്ങളിലും ഈ വിഷയം ഉന്നയിക്കുന്നുണ്ട്. പക്ഷേ ഇതുവരെയും ഫലമൊന്നുമുണ്ടായിട്ടില്ല. ഇനിയും ഉണ്ടാകുമെന്ന് പ്രതീക്ഷയും എനിക്കില്ല. എങ്കിലും രണ്ടുകാര്യങ്ങളും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി സൗത്ത് വില്ലേജിൽ മുക്കൂട്ടുതല പ്രദേശത്ത് കൊടുത്ത ഒരു നാലു നമ്പർ പട്ടയങ്ങളും മാറിപ്പിച്ചതുകൊണ്ട്. ആയിരക്കണക്കിന് കൃഷിക്കാർക്ക് ഇപ്പോൾ ബുദ്ധിമുട്ടുണ്ട്. കൊടുത്ത പട്ടയം മരവിപ്പിക്കുന്ന നടപടിയെങ്കിലും ഇല്ലാതാക്കാൻ അങ്ങ് നടപടിയെടുക്കണം.

രണ്ട്, കാഞ്ഞിരപ്പള്ളി താലൂക്കിലെ മുണ്ടക്കയം വില്ലേജിൽ എരുമേലി നോർത്ത് വില്ലേജിലെ കുറേയധികം കൃഷിക്കാരോട് തറവിലയും തടിവിലയും കെട്ടിവയ്ക്കുവാൻ പറഞ്ഞു. അതിനുശേഷമാണ് കേന്ദ്രഗവൺമെൻറിന്റെ വനസംരക്ഷണ നിയമം വന്നത്. അതുകൊണ്ട് തറവിലയും തടിവിലയും കെട്ടിവച്ചവർക്ക് പട്ടയവുമില്ല. ആ കെട്ടിവച്ച കാശ് തിരിച്ചുകൊടുക്കുവാനുള്ള ദയവുണ്ടാകണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഈ ഭൂമിയുടെ ജോയിൻറ് വെരിഫിക്കേഷൻ കഴിഞ്ഞതാണ്. എങ്ങനെയെങ്കിലും പട്ടയം കൊടുക്കുവാൻ കഴിയുമോയെന്നുകൂടി പരിശോധിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 1978-ൽ തന്നെ ഇവർക്കു പട്ടയം കൊടുക്കുവാനുള്ള നടപടികളും സ്വീകരിച്ചതാണ്. മൂവായിരത്തോളം ആളുകൾക്കാണ് പട്ടയം കൊടുക്കുവാൻ തീരുമാനമെടുത്തത്. 1,200 ആളുകൾക്ക് പട്ടയം കൊടുത്തു. ബാക്കിയുള്ള ആളുകളോട് തറവിലയും തടിവിലയും അടയ്ക്കുവാൻ അന്ന് ആവശ്യപ്പെട്ടപ്പോൾ അവർ അതിൽ ചില പ്രശ്നങ്ങൾ ഉന്നയിച്ചു. അതുകൊണ്ട് അന്ന് അതടയ്ക്കുവാൻ കഴിഞ്ഞില്ല. 1980 കഴിഞ്ഞപ്പോഴേക്കും വനസംരക്ഷണനിയമവും പ്രാബല്യത്തിൽ വന്നു. പിന്നീട് അത് പ്രായോഗികമായി കൊടുക്കുവാൻ കഴിഞ്ഞില്ല. യഥാർത്ഥത്തിൽ, ഇനിയും പട്ടയം കൊടുക്കുവാനുള്ള ഭൂമി റവന്യൂവകുപ്പിലേയ്ക്ക് കൈമാറാം ചെയ്തത് കഴിഞ്ഞിട്ടില്ല. ഇത്തവണ നടത്തിയ ജോയിൻറ് വെരിഫിക്കേഷനിൽ ഈ പ്രദേശത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുൾപ്പെടെയാണ് ഒക്ടോബർ മാസത്തിൽ കേന്ദ്ര ഗവൺമെൻറിലേയ്ക്ക് ജോയിൻറ് വെരിഫിക്കേഷന്റെ റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. ഈ അനുവാദത്തിനുവേണ്ടി കാത്തിരിക്കുകയാണ്. അനുവാദം കിട്ടുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്.

(11) കുണ്ടറയ്ക്കടുത്ത് കാഞ്ഞിരക്കോടു നടന്ന മേരിക്കുട്ടി വധക്കേസ്

[ശ്രീ. സി. കെ. തങ്കപ്പൻ : സർ, കുണ്ടറയ്ക്ക് സമീപം കാഞ്ഞിരക്കോട് പ്രദേശത്ത് മേക്കേവിള വീട്ടിൽ മേരിക്കുട്ടിയെ നിഷ്ഠൂരമായി കൊലപ്പെടുത്തിയ സംഭവം ഞാൻ ബഹുമാനപ്പെട്ട സഭയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽ പെടുത്തുകയാണ്. ലാസർ ആൻറണി എന്ന ആളും മേരിക്കുട്ടിയും തമ്മിൽ ദീർഘനാളുകളായി സ്നേഹബന്ധത്തിൽ കഴിഞ്ഞുവന്നവരാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ഒരുകൊല്ലം മുമ്പു ഏതോ പ്രത്യേക കാരണങ്ങളാൽ മേരിക്കുട്ടിയോട് ലാസർക്ക് വൈരാഗ്യം മൂത്തതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അന്നുമുതൽ മേരിക്കുട്ടിയെ ലാസർ ആൻറണി കൊല്ലുമെന്ന് നേരിട്ടും കത്തുമൂലവും അറിയിച്ചിട്ടുണ്ട്. ഈ വൈരാഗ്യത്തിന് കാരണം,

LIBRARY ARCHIVES Kerala Legislative Assembly

മേരിക്കുട്ടിയുടെ പുതിയ വിവാഹമാണ്. പകമൂത്ത ലാസർ ആൻറണി ഒരു കൊല്ലമായി കൊലയാളികളുമൊത്ത് മേരിക്കുട്ടിയെ കൊല്ലാൻ പിൻതുടരുകയാണ്. അവർ ജോലിചെയ്തിരുന്ന സ്ഥലങ്ങളിൽ സ്വന്തം ജീവനെ രക്ഷിക്കുവാൻ വേണ്ടി പരവൂർ, കൊല്ലം, കൊട്ടാരക്കര, കുണ്ടറ, എന്നീ സ്ഥലങ്ങളിലെ സർക്കിൾ ഇൻസ്പെക്ടർമാർക്ക് നേരിട്ട് പരാതികൊടുത്തതാണ്. ഒരൊറ്റ പോലീസുദ്യോഗസ്ഥൻപോലും അവരുടെ ജീവൻ രക്ഷിക്കാൻ വേണ്ടി യാതൊരു നടപടിയും എടുത്തിട്ടില്ലായിരുന്നു. ഈ സ്ഥലങ്ങളിലൊക്കെ വച്ച് മേരിക്കുട്ടിയെ ആൻറണിയും കൂട്ടുകാരും കൊലപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളതാണ്. കൂടാതെ ആഭ്യന്തരമന്ത്രിക്കും ഐ. ജി. ക്കും കൊല്ലം ഡി. വൈ. എസ്. പി. ക്കും ഒക്കെ മേരിക്കുട്ടി നേരിട്ട് പരാതി സമർപ്പിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ഒക്ടോബർമാസം പതിമൂന്നാം തീയതി സൂര്യൻ അസ്തമിക്കുന്നതിനുമുൻപ് മേരിക്കുട്ടിയെ കൊലചെയ്യുമെന്ന് ലാസർ ആൻറണി ഊമകത്തയച്ചിരുന്നു. മരണഭയംമൂലം ഞെട്ടിവിറച്ച മേരിക്കുട്ടി തൻറെ ജീവൻ രക്ഷിക്കണമെന്നു കേണപേക്ഷിച്ചുകൊണ്ട് തൊട്ടടുത്തുള്ള കുണ്ടറ എസ്. ഐ. ക്ക് പരാതി സമർപ്പിക്കാൻ സ്വന്തം സഹോദരൻറെ കയ്യിൽ പരാതി കൊടുത്തയച്ചു. അവരുടെ സഹോദരൻ പെറ്റീഷനുമായി കുണ്ടറ പോലീസ് സ്റ്റേഷനിലെ എസ്. ഐ. യുടെ മുമ്പിൽ നിൽക്കുമ്പോഴും, എട്ടുപേർ ചേർന്ന കൊലയാളി സംഘം ഒരു ടാക്സികാറിൽ മാരകായുധങ്ങളുമായി മേരിക്കുട്ടിയുടെ വീട്ടിൽക്കയറി. അവരുടെ കയ്യിലിരുന്ന ചോരക്കുഞ്ഞിനെ പിടിച്ചുവാങ്ങി വലിച്ചെറിഞ്ഞതിനു ശേഷം ആ സ്ത്രീയെ മുടിയ്ക്കു ചുറ്റിപ്പിടിച്ച് പട്ടാപ്പകൽ നിഷ്ഠൂരമായി വെട്ടികൊലപ്പെടുത്തുകയാണ് ഉണ്ടായത്. ഈ അരുംകൊലയിൽ ചെന്നെത്തിയ സംഭവത്തിൻറെയും ഗൂഢാലോചനയുടെയും കഥകൾ ഒരു മാസമായി തുടർച്ചയായി പത്രങ്ങളിലൊക്കെ വരികയാണ്. ഈ കൊലപാതകത്തിൻറെ പൂർണ്ണമായ ഉത്തരവാദി ഫാദർ ലാസർ ആൻറണിയാണ്. അയാളുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുത്ത് അറസ്റ്റു ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 13-10-1986-ലാണ് മേരിക്കുട്ടി കൊലചെയ്യപ്പെട്ടത്. സ്റ്റാഫ് നഴ്സായ അവരെ പ്രതികളായ നെൽസൺ, ശശി, തോമസ്, ജോൺ, കെന്നഡി, കുഞ്ഞുമോൻ, അശോക് കുമാർ, രാജൻ, മോഹൻ, വിജയൻ എന്നിവർ ചേർന്ന് വെട്ടുകത്തി, ഇരുമ്പുവടി തുടങ്ങിയവ ഉപയോഗിച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്. അതിനുശേഷം മേരിക്കുട്ടിയുടെ അമ്മയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഫാദർ ലാസർ ആൻറണിയുൾപ്പെടെ ഒൻപതുപേരെ പ്രതികളാക്കിക്കൊണ്ട് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ട് അഞ്ചു പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞു. ഇനിയും ശക്തമായ നിലയിൽ അന്വേഷണം നടത്താനും സത്യസന്ധമായി കാര്യങ്ങൾ പുറത്തുകൊണ്ടുവരാനും യഥാർത്ഥ കുറ്റവാളികളെ ശിക്ഷിക്കുവാനും നടപടിയെടുക്കുന്നതാണ്. ഒരാൾ ഒരാളെ സ്നേഹിക്കുകയോ അല്ലെങ്കിൽ പ്രേമിക്കുകയോ ചെയ്തുവെന്നു വച്ച് അയാൾ കൊലക്കേസ്സിൽ പ്രതിയാണെന്ന് നിഗമനത്തിലെത്തുന്നതിനുമുമ്പ് ശരിയായ അന്വേഷണം നടത്തണമെന്നുള്ളതുകൊണ്ട് ഈ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി യഥാർത്ഥ കുറ്റവാളികളായ അഞ്ചുപേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. ബാക്കി പ്രതികളേയും അറസ്റ്റു ചെയ്യാനാവശ്യമായനടപടി സ്വീകരിക്കുവാൻ ക്രൈംബ്രാഞ്ച് നടപടിയെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly